## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 3157

21.08.2017-ൽ മറുപടി പറയേണ്ടത്

### കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര വാർഡുകളുണ്ടെന്നും ആകെ ജനസംഖ്യ എത്രയാണെന്നും അറിയിക്കുമോ; | (എ) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ<br>ആകെ വാർഡുകൾ - 23<br>ആകെ ജനസംഖ്യ - 42238 |
| (ബി) | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 35.57 ച.കി.മീ |
| (സി) | പ്രസ്തുത ഗ്രാമപഞ്ചായത്തിലെ വാർഡുകളുടെ എണ്ണം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവ പരിശോധിച്ച് ഗ്രാമപഞ്ചായത്ത് വിഭജിക്കേണ്ടതാണെന്നും പുതുതായി ഒരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | കല്ലുവാതുക്കൽ പഞ്ചായത്ത് വിഭജിച്ച് പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനമെടുത്തത് പിൻവലിക്കാനിടയായതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ഡി) | പഞ്ചായത്ത് വിഭജനം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകളിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലാണ് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനെടുത്ത തീരുമാനം പിൻവലിച്ചത്. |

| | | | |
|---|---|---|---|
| (ഇ) | പാരിപ്പള്ളി പഞ്ചായത്ത് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ? | (ഇ) | കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് (4) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനവും കൂട്ടിചേർക്കലും നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പുതുതായി പഞ്ചായത്ത് രൂപീകരിക്കാൻ നിലവിൽ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ